**ഭരണഭാഷ-മാതൃഭാഷ**

150 YEARS OF CELEBRATING THE MAHATMA

അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorprinting@yahoo.com

നമ്പർ. 244/2020/ഇ1/ഡിപി

തീയതി : 03.01.2020

## സർക്കുലർ

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - 2020-ലെ പൊതുസ്ഥലമാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നു.

പരാമർശം:- 1. ജി.ഒ.(പി) നമ്പർ: 117/02/ഉ.വി.വ. തീയതി: 10.09.2002.
2. ജി.ഒ.(പി) നമ്പർ: 12/04/ഉ.ഭ.പ.വ. തീയതി: 10.09.2004 ഉത്തരവുകളും അനുബന്ധ ഉത്തരവുകളും.
3. ജി.ഒ.(പി) നമ്പർ: 03/17/ഉ.ഭ.പ.വ. തീയതി: 25.02.2017 നമ്പർ ഉത്തരവ്

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ/സാങ്കേതിക വിഭാഗം ജീവനക്കാരിൽ നിന്ന് (ഗസറ്റഡ് ഓഫീസർമാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെ) 2020-ലെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന ജീവനക്കാർ നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ (രണ്ട് പ്രതി) അതാത് ഓഫീസ് മേധാവികൾക്ക് 25.02.2020-നോ അതിനു മുൻപോ സമർപ്പിക്കേണ്ടതാണ്. 2020 ഏപ്രിൽ 30 നകം അതാത് കാര്യാലയത്തിൽ 3 വർഷം തികയാത്ത ജീവനക്കാരുടെ അപേക്ഷകളും പൂർണ്ണമല്ലാത്ത അപേക്ഷകളും 28.02.2020-ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകളും ബന്ധപ്പെട്ട ഓഫീസ് മേധാവികൾ നിരസിക്കേണ്ടതാണ്. ഓഫീസ് മേധാവികൾ മുഖേനയല്ലാതെ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഈ സർക്കുലർ പുറപ്പെടുവിക്കുന്നതിനു മുമ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഇപ്പോഴുള്ള പൊതുസ്ഥലംമാറ്റ പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്നതിനുള്ള അപേക്ഷയായി പരിഗണിക്കുന്നതല്ല. പരാമർശത്തിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത്.

സ്ഥലം മാറ്റത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനോ സ്ഥലം മാറ്റത്തിന് മുൻഗണനയുള്ളതോ ആയ ജീവനക്കാർ ആയതിനുള്ള മതിയായ രേഖകളുടെ പകർപ്പ് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടെ സമർപ്പിക്കേണ്ടതാണ്.

സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർമാർ സ്വീകരിച്ചു എന്നതിനുള്ള രസീത് ഓഫീസ് തലവനിൽ നിന്ന് ജീവനക്കാർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

വിവിധ കാര്യാലയങ്ങളിൽ ലഭിക്കുന്ന പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ കാറ്റഗറി തിരിച്ച് പ്രത്യേകം പ്രത്യേകം ഉപരിപത്രത്തോടൊപ്പം അച്ചടി വകുപ്പ് ഡയറക്ടർക്ക് **2020 മാർച്ച് 5-നോ** അതിനു മുൻപോ ലഭിക്കത്തക്കവിധം അയച്ചു തരേണ്ടതാണ്. അതോടൊപ്പം ഓരോ കാര്യാലയത്തിലും മൂന്നു വർഷം പൂർത്തിയാക്കിയവരുടെ ലിസ്റ്റും അയച്ചു തരേണ്ടതാണ്.

ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം **2020 മാർച്ച് 20-നോ അതിനു മുൻപോ** അച്ചടി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

അച്ചടി വകുപ്പ് ഡയറക്ടർ.

പകർപ്പ്:- ശാഖാ കാര്യാലയ മേധാവികൾക്ക്./തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഓഫീസർമാർക്ക്./ജീവനക്കാര്യ വിഭാഗം സെക്ഷൻ മേധാവികൾക്ക്./വിവിധ സീറ്റുകൾ കൈകാര്യം ചെയ്യുന്ന എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ക്ലാർക്കുമാർക്ക്./സ്റ്റോക്ക് ഫയൽ./ഫയൽ കോപ്പി./നോട്ടീസ് ബോർഡ്./ഓഫീസ് കോപ്പി.

## സ്ഥലംമാറ്റത്തിനുള്ള/പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ-2020
*(എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്)*

1. പേര് :

2. ഉദ്യോഗപ്പേരും തസ്തികയിൽ പ്രവേശിച്ച തീയതിയും :

3. ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസവും പ്രസ്തുത കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച തീയതിയും :

4. ജനന തീയതി :

5. സർവ്വീസിൽ നിന്നു വിരമിക്കുന്ന തീയതി :

6. സ്ഥലംമാറ്റം ലഭിക്കാൻ ആഗ്രഹിക്കുന്ന കാര്യാലയങ്ങൾ (മുൻഗണനക്രമത്തിൽ 15 കി.മീറ്ററിനുള്ളിലെ ഓഫീസുകൾ സ്ഥലം മാറ്റത്തിന് ഒരു യൂണിറ്റായിരിക്കുന്നതാണ്. :

   1)
   2)
   3)

7. സ്ഥലംമാറ്റം ലഭിക്കാൻ ആഗ്രഹിക്കുന്ന ജില്ലയ്ക്കു പുറത്ത് മറ്റ് ജില്ലയിൽ/ജില്ലകളിൽ മൂന്നു വർഷത്തെ ഡ്യൂട്ടി പൂത്തിയാക്കിയിട്ടുണ്ടോ (എടുത്തിട്ടുള്ള അവധികൾ അദർഡ്യൂട്ടി കാലം എന്നിവ ഒഴിവാക്കേണ്ടതാണ്. എന്നാൽ വിവിധ ഗ്രേഡുകളിലെ തസ്തികകളിലെ സർവ്വീസ് ഒന്നിച്ച് എടുക്കാവുന്നതാണ്. :

8. വിവിധ കാര്യാലയങ്ങളിൽ ജോലി ചെയ്തിട്ടുള്ളതിന്റെ വിവരം :

| തസ്തിക/അദർഡ്യൂട്ടി/ഡെപ്യൂട്ടേഷൻ കാര്യാലയം | കാലയളവ് |
|---|---|
| | എന്നു മുതൽ എന്നു വരെ |
| 1) | |
| 2) | |
| 3) | |
| 4) | |
| 5) | |
| 6) | |

9. സ്ഥലംമാറ്റത്തിന് മുൻഗണന ലഭിക്കാൻ അർഹതയുണ്ടോ :

10. മുൻഗണന ലഭിക്കാൻ അർഹത ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുക (രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കുക). :

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

സ്ഥലം:

തീയതി:

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്.

## ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം

1) മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ സർവ്വീസ് പുസ്തകം/ഓഫീസ് രേഖകൾ പ്രകാരം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.
2) അപേക്ഷൻ/അപേക്ഷക പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണ്. (ബാധകമല്ലെങ്കിൽ ഇത് വെട്ടിക്കളയേണ്ടതാണ്.)
3) അവധി (കാഷ്വൽ ലീവ് ഒഴികെയുള്ളത് അദർഡ്യൂട്ടി എന്നിവ ഒഴിവാക്കിയാൽ അപേക്ഷകന്/അപേക്ഷകയ്ക്ക് അഭീഷ്ട ജില്ലയ്ക്ക് പുറത്ത് മൂന്ന് വർഷത്തിൽ കൂടുതൽ സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ട്/പൂർത്തിയായിട്ടില്ല.

ഓഫീസ് മേധാവി.

തീയതി: